**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2230** **20.06.2012-ലെ മറുപടിക്ക്**

# കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ മെഡിക്കൽ കോളേജുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി നിയമിച്ച സ്പെഷ്യൽ ഓഫീസർ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) റവന്യൂ വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ബദിയടുക്കയിൽ സ്ഥിതിചെയ്യുന്ന 60 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതാണ്.<br>2) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി പ്ലാന്റേഷൻ കോർപ്പറേഷൻ 50 കോടി രൂപ സംഭാവന ചെയ്യുന്നതാണ്.<br>3) കോന്നിയിൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് HLL നെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>4) മലപ്പുറത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി മഞ്ചേരി ജില്ലാ ആശുപത്രിയ്ക്ക് സമീപമുള്ള 6 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതാണ്.<br>5) ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ |

ആശുപത്രിയും അത് സ്ഥിതി ചെയ്യുന്ന 40 ഏക്കർ ഭൂമിയും അനുബന്ധ കെട്ടിടങ്ങളും കൈമാറ്റം ചെയ്യുന്നതാണ്.

(ബി) ആയത് എന്ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചതിൻ പ്രകാരമുള്ള സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

(സി) ഇവയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു ?

(സി) 2012-13 സാമ്പത്തിക വർഷം പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനായി വകയിരുത്തിയ തുകയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 2012–2013 സാമ്പത്തിക വർഷം പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനായി വകയിരുത്തിയ തുക

| District | Head of Account | Amount(Rs) |
|---|---|---|
| ഇടുക്കി | 4210-03-105-66 | 2,82,00,000 |
| ഒറ്റത്തവണ കേന്ദ്രസഹായം (Additional ACA) | 4210-03-105-59 | 3,43,00,000 |
| കാസർഗോഡ് | 4210-03-105-65 | 2,82,00,000 |
| ഒറ്റത്തവണ കേന്ദ്രസഹായം | 4210-03-105-56 | 3,43,00,000 |
| പത്തനംതിട്ട | 4210-03-105-64 | 6,25,00,000 |
| മലപ്പുറം | 4210-03-105-63 | 6,25,00,000 |

Section Officer